# പതിനാലാം കേരള നിയമസഭ
## 10-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : T2157** **08.03.2018 -ൽ മറുപടിയ്ക്ക്**

### ഇക്കോടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ<br>,, ആർ. രാമചന്ദ്രൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, വി.ആർ. സുനിൽ കുമാർ : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇക്കോടൂറിസം പദ്ധതി നടപ്പാക്കുന്നത് എവിടെയൊക്കെയാണെന്ന് അറിയിക്കുമോ; | എ) പ്രകൃത്യാൽ തന്നെ മനോഹാരിത നിലനിർക്കുന്ന വനമേഖലയോട് ചേർന്ന മല നിരകൾ, മറ്റ് പ്രദേശങ്ങൾ എന്നിവിടങ്ങളാണ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ പ്രധാന ഇക്കോടൂറിസം കേന്ദ്രങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) ഇക്കോടൂറിസം പദ്ധതി പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; | ബി) പ്രകൃത്യാൽ തന്നെ ഇക്കോടൂറിസം സാധ്യതകൾ നിലനിൽക്കുന്ന വനംവകുപ്പിനു കീഴിലുള്ള വനപ്രദേശങ്ങളിൽ പരിസ്ഥിതിക്ക് ഒട്ടും തന്നെ തടസ്സം സൃഷ്ടിക്കാതെ ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതാണെങ്കിൽ അത്തരം പ്രദേശങ്ങളിലാണ് പ്രധാനമായും പദ്ധതി നടപ്പിലാക്കുന്നത് പ്രകൃതി സൗന്ദര്യവും ,വൈവിധ്യവും നിലനിൽക്കുന്നതും ടൂറിസം സാധ്യതകൾ ഉള്ളതുമായ പ്രദേശങ്ങളിൽ പരിസ്ഥിതിക്ക് ഒട്ടും കോട്ടം തട്ടാതെയുള്ള പദ്ധതികൾക്ക് സാധ്യതയുണ്ടെങ്കിൽ അത്തരം പ്രദേശങ്ങളെയാണ് ഇക്കോ ടൂറിസം പദ്ധതികൾക്കായി തെരഞ്ഞെടുക്കുന്നത്. പരിസ്ഥിതിക്കും, ഭൂമിശാസ്ത്രപരമായ നിലനിൽപിനും ദോഷം വരില്ലെന്ന് വിലയിരുത്തിയതിനുശേഷമാണ് പദ്ധതി തയ്യാറാക്കുന്നത്. |
| (സി) വിനോദസഞ്ചാരത്തിനായി പല കേന്ദ്രങ്ങളിലും ഉൾക്കൊള്ളാവുന്നതിലധികം ആളുകൾ എത്തുന്നത് പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുമെന്നത് കണക്കിലെടുത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ; | സി) ഇക്കോടൂറിസം മേഖലകളിൽ സഞ്ചാരികളെ സാഹചര്യങ്ങൾക്ക് അനുസൃതമായി നിയന്ത്രിത രീതിയിലാണ് പ്രവേശനം അനുവദിക്കുന്നത്. |
| (ഡി) ഇത്തരം കേന്ദ്രങ്ങളിൽ വിനോദസഞ്ചാരികൾക്ക് സുരക്ഷിതമായി സന്ദർശിക്കുന്നതിനും തിരക്ക് നിയന്ത്രിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | ഡി) ഇക്കോടൂറിസം മേഖലകളിൽ സഞ്ചാരികളെ സാഹചര്യങ്ങൾക്ക് അനുസൃതമായി നിയന്ത്രിതമായി മാത്രമേ കടത്തിവിടാറുള്ളു. അപകടങ്ങൾ ഒഴിവാക്കാൻ സുരക്ഷാജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തുകയും മേഖലക്ക് അനുയോജ്യമായ സുരക്ഷാ വാഹനങ്ങൾ മാത്രം ഉപയോഗിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# ECOTOURISM DESTINATIONS THAT ARE OPENED TO TOURISTS

**Thiruvananthapuram District**

1, Neyyar
2, Peppara
3, Ponmudi
4, Arippa
5, Kallar
6, Mankayam

**Kollam District**

7, Thenmala
8, Palaruvi
9, Shendurney
10, Jatayupara

**Pathanamthitta District**

11, Konni
12, Gavi

**Kottayam District**

13, Anchuruli
14 Chellarkovil

**Idukki District**

15, Thekkady
16, Munnar
17, Thommankuthu
18, Chinnar
19, Cheeyappara
20, Kulamavu
21, Periyar
22, Eravikulam

**Ernakulam District**

23, Paniely porr
24, Thrippunithura

**Thrissur District**

25, Athirappally
26, Chimmony
27, Thiruvilwamala

**Palakkad District**

28, Ananganmala
29, Parambikulam

**Malappuram District**

30, Nedumkayam

**Kozhikode District**

31, Peruvannamuzhy
32, Thusharagiri
33, Janakikkad

**Wayanad District**

34, Muthanga
35, Kuruva island
36, Thirunelli
37, Suchippara
38, Meenmutty
39, Pakshipathalam
40, Chembra
41, Pakkom
42, Kambamala

**Kannur District**

43, Pythalmala
44, Aaralam

---

സെക്ഷൻ ഓഫീസർ